| പതിനാലാം കേരള നിയമസഭ | | | |
|---|---|---|---|
| രണ്ടാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2927 | | 17.10.2016 -ൽ മറുപടിയ്ക്ക് | |
| സൂപ്പർവൈസറായി നിയമനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ .ഡി.കെ.മുരളി | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ ക്ഷേമ വകുപ്പിൽ അംഗൻവാടി വർക്കർമാരിൽ നിന്നും ഐ.സി.ഡി.-എസ് സൂപ്പർവൈസറായി കേരള പബ്ലിക് സർവീസ് കമ്മീഷൻ 06.04.2016-ൽ 1R/C (1) 20348/10/ GW പ്രകാരം അഡ്വൈസ് നൽകിയ ഉദ്യോഗാർത്ഥിക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ? | (ബി) | എസ്.എസ്.എൽ.സി. യോഗ്യതയും അംഗൻവാടി വർക്കറായി 10 വർഷത്തെ സേവനപരിചയവുമുള്ള അംഗൻവാടി വർക്കർ-മാരിൽനിന്ന് സൂപ്പർവൈസർ തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി.സി.സുമതിയും കൂട്ടരും ബഹു.കെ.എ.റ്റി മുമ്പാകെ ഫയൽ ചെയ്തിരുന്ന ഒ.എ നം.2431/2014-മേൽ 19/12/2014-ൽ പുറപ്പെടുവിച്ച ഇടക്കാല വിധിന്യായത്തിൻമേൽ "അന്തിമ ഉത്തരവിന് വിധേയമായി മാത്രം നിയമന ശുപാർശ നൽകിയാൽ മതി " |

| | | | |
|---|---|---|---|
| | | | എന്ന വ്യവസ്ഥ പ്രകാരം 58 ഒഴിവുകൾ 23/12/2014 നളളിൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഉത്തരവായിരുന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 23/12/2014-ൽ അവസാനിച്ചു. മേൽ വിവരിച്ച തരത്തിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണ-ലിന്റെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 58 ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 03/02/2016-ലെ അന്തിമ വിധിന്യായത്തിൽ "27/12/2012-ലെ ജി.ഒ. (പി)നം 78/2012/-എസ്.ഡബ്ലിയു.ഡി. പ്രകാരമുള്ള വിശേഷാൽ ചട്ട ഭേദഗതി ഉത്തരവിൽ കാറ്റഗറി 13-ന്റെ കുറിപ്പ് 6-ൽ പരാമർശിക്കുന്ന വ്യവസ്ഥ അതായത് ഏതെങ്കിലും ഒരു വർഷം , ബിരുദ യോഗ്യതയുള്ള അംഗൻവാടി വർക്കർമാരുടെ അഭാവത്തിൽ എസ്.എസ്.എൽ.സി.യും 10 വർഷത്തെ പ്രവൃത്തി പരിചയമുള്ള അംഗൻവാടി വർക്കർമാരിൽനിന്നും ഒഴിവുകൾ നികത്താം" എന്നതിന്റെ അടിസ്ഥാനത്തിൽ ഇടക്കാല ഉത്തരവ് ശരിവെച്ച് അന്തിമ വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.<br><br>03/02/2016-ലെ അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നേരത്തെ നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് 55 ഉദ്യോഗാർത്ഥികളെ 06/04/2016-ൽ കെ.പി.എസ്.സി. നിയമന ശുപാർശ നൽകിയിട്ടുണ്ട്. 01/04/2014 മുതൽ വിശേഷാൽ ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം സൂപ്പർവൈസർ തസ്തികയിലേക്കുള്ള നിയമന രീതി 58:29:11: :2 എന്ന റേഷ്യോ |

| | | | |
|---|---|---|---|
| | | | പ്രകാരമാണ്. ഇതിൽ 29% തസ്തികകൾ മാത്രമാണ് എസ്.എസ്.എൽ.സിയും അംഗൻവാടി വർക്കറായി 10 വർഷത്തെ സേവന പരിചയമുള്ള അംഗൻവാടി വർക്കർ ക്വാട്ടയിലേക്ക് മാറ്റിവയ്ക്കേണ്ടത്. അതായത് ആകെയുള്ള 1327 തസ്തികയിൽ 385 തസ്തികകൾ മാത്രമാണ് ഈ വിഭാഗത്തിന് അർഹതയുള്ളത്. എന്നാൽ ഇടക്കാല ഉത്തരവ് തീയതിയായ 19/12/2014 ലോ, റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ച 23/12/2014-ലോ ഈ വിഭാഗത്തിൽ ഒഴിവുകൾ ഇല്ലാതിരുന്നതിനാൽ 55 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകുവാൻ നിയമനാധികാരിയായ സാമൂഹ്യനീതി ഡയറക്ടർക്ക് കഴിഞ്ഞിട്ടില്ല. പി.എസ്.സി മുഖേന നികത്തപ്പെടേണ്ട മറ്റ് ഫീഡർ കാറ്റഗറികളിൽപ്പെട്ട ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡ്വൈസ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് എപ്രകാരം നിയമനം നൽകുവാൻ കഴിയും എന്നതിനെക്കുറിച്ച് സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ